بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 24.06.2022

**സയ്യിദുനാ ഹദ്‌റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഹദ്‌റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 23

اَشْھَدُ اَنْ لَّاۤ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ اَلرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ

نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○ اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ

عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

ഹദ്‌റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ കാലത്തെ സൈനീക നീക്കങ്ങളെക്കുറിച്ചാണ് പരാമർശിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. അതിൽ ഏഴാമത്തെ സൈനീക നീക്കത്തിനായി, ഹദ്‌റത്ത് അബൂബക്കർ(റ) ഹദ്‌റത്ത് ഖാലിദ് ബിൻ സയീദ് ബിൻ ആസ്(റ)നുവേണ്ടി ഒരു പതാക കെട്ടുകയും അദ്ദേഹത്തെ സിറിയൻ അതിർത്തി പ്രദേശമായ ഹംപത്തൈനിലേക്ക് അയക്കുകയും ചെയ്തു. ഖാലിദ് എന്നു പേരും അബു സയീദ് എന്നു വിളിപ്പേരുമായ ഹദ്‌റത്ത് ഖാലിദ് ബിൻ സയീദ് ബിൻ ആസ് തുടക്കത്തിൽ ഇസ്‌ലാം മതം സ്വീകരിച്ചവരിൽ ഒരാളാണ്. അദ്ദേഹം ഇസ്‌ലാം മതം സ്വീകരിച്ച സംഭവം ഇപ്രകാരമാണ്, അദ്ദേഹം തീയുടെ അരികിൽ നിൽക്കുന്നതും അവന്റെ പിതാവ് അവനെ അതിലേക്ക് എറിയാൻ ശ്രമിക്കുന്നതും അല്ലാഹുവിന്റെ റസൂൽ(സ) അദ്ദേഹത്തെ തീയിൽ വീഴാതിരിക്കാനായി പിടിച്ചിരിക്കുന്നതും അദ്ദേഹം സ്വപ്നത്തിൽ കണ്ടു. ഹദ്‌റത്ത് ഖാലിദ് ഭയവിഹ്വലനായി ഉണർന്നിട്ട് പറഞ്ഞു: 'അല്ലാഹുവാണെ, ഈ സ്വപ്നം സത്യമാണ്. അപ്പോൾ ഹദ്‌റത്ത് ഖാലിദ് നബി(സ)ന്റെ സവിധത്തിൽ വന്ന് ചോദിച്ചു: മുഹമ്മദ്,(സ) നിങ്ങൾ ഏതിലേക്കാണ് (ഞങ്ങളെ) ക്ഷണിക്കുന്നത്? നബി(സ) പറഞ്ഞു: ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിലേക്കാണ് ഞാൻ ക്ഷണിക്കുന്നത്. മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണ്, കേൾക്കുകയോ കാണുകയോ ചെയ്യാത്ത, ഉപദ്രവമോ ഉപകാരമോ ചെയ്യാത്ത കല്ലുകളുടെ ആരാധന നിങ്ങൾ ഉപേക്ഷിക്കുക. അവരെ ആരാധിക്കുന്നവരും ആരാധിക്കാതിരിക്കുന്നവരും ആരെന്നുപോലും അവർക്കറിയില്ല. അപ്പോൾ ഖാലിദ് പറഞ്ഞു: അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ലെന്നും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

മുസ്‌ലിംകൾ രണ്ടാം തവണ അബിസീനിയയിലേക്ക് പലായനം ചെയ്തപ്പോൾ ഹദ്‌റത്ത് ഖാലിദ് ബിൻ സഈദും അവരോടൊപ്പം പോയിരുന്നു. ഖൈബർ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നില്ലെങ്കിലും നബി(സ) അദ്ദേഹത്തിന് യുദ്ധമുതലിൽ നിന്ന് പങ്ക് നൽകിയിരുന്നു. അതിനുശേഷം മക്കാവിജയം ഹുനൈൻ, തായിഫ്, തബൂക് തുടങ്ങി എല്ലാ യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തു. അദ്ദേഹത്തിനു ബദർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. അതിൽ അദ്ദേഹത്തിനു വലിയ ദുഃഖമുണ്ടായിരുന്നു. ബദ്ർ യുദ്ധത്തിൽ ഞങ്ങൾക്ക് അങ്ങയോടൊപ്പം പങ്കെടുക്കാൻ സധിച്ചിരുന്നില്ലെന്ന് അദ്ദേഹം തിരുനബി(സ) യോടു പറഞ്ഞപ്പോൾ നബി(സ) പറഞ്ഞു: ജനങ്ങൾക്ക് ഒരു ഹിജ്റത്തിനു ഭാഗ്യമുണ്ടായപ്പോൾ നിങ്ങൾക്ക് രണ്ടു ഹിജ്റത്തിനു ഭാഗ്യമുണ്ടായതിൽ നിങ്ങൾ സന്തോഷവാനല്ലേ.?

ഹദ്‌റത്ത് അബൂബക്കർ(റ) മതപരിത്യാഗികളെ അടിച്ചമർത്താൻ പതാക കെട്ടിയപ്പോൾ, ഹദ്‌റത്ത് ഖാലിദ് ബിൻ സയീദിനും പതാക നൽകികൊണ്ട് അദ്ദേഹത്തോട് തയ്മായിലേക്ക് പോകാൻ ആജ്ഞാപിക്കുകയും തന്റെ സ്ഥലം വിട്ടുപോകരുതെന്നും ചുറ്റുമുള്ളവരെ തന്നെ കാണാൻ ക്ഷണിക്കണമെന്നും മുർത്തദ്ദല്ലാത്തവരെ മാത്രം സ്വീകരിക്കണമെന്നും പറഞ്ഞു. എന്റെ കൽപനകൾ എത്തുന്നതുവരെ നിങ്ങളോട് യുദ്ധം ചെയ്യുന്നവരോടല്ലാതെ മറ്റാരോടും യുദ്ധം ചെയ്യരുത്. ഹദ്‌റത്ത് ഖാലിദ്(റ) തയ്മായിൽ താമസിച്ചു. ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്ന് നിരവധി സംഘങ്ങൾ അദ്ദേഹത്തെ കാണാൻ വന്നു. മുസ്‌ലിംകളുടെ ഈ മഹത്തായ സൈന്യത്തെക്കുറിച്ച് കേട്ടപ്പോൾ റോമാക്കാർ തങ്ങളുടെ സ്വാധീനത്തിൽ അറബികളെ സിറിയയിൽ യുദ്ധം ചെയ്യാൻ വിളിപ്പിച്ചു. റോമാക്കാരുടെ തയ്യാറെടുപ്പിനെക്കുറിച്ചും അറബ് ഗോത്രങ്ങളുടെ ആഗമനത്തെക്കുറിച്ചും ഖാലിദ് ഹദ്‌റത്ത് അബൂബക്കർ(റ)നെ അറിയിച്ചു. ഹദ്‌റത്ത് അബൂബക്കർ(റ) മറുപടി പറഞ്ഞു: നിങ്ങൾ മുന്നേറണം. ഭയപ്പെടേണ്ട, അല്ലാഹുവിനോട് സഹായം തേടുക.

ഉത്തരം കിട്ടിയ ഉടൻ ഹദ്റത്ത് ഖാലിദ് ശത്രുവിന്റെ നേരെ നീങ്ങി; അടുത്തെത്തിയപ്പോൾ ശത്രു ഭയപ്പെട്ടു; അവരെല്ലാം സ്ഥലംവിട്ട് ഓടിപ്പോയി. ഹദ്റത്ത് ഖാലിദ് ശത്രുവിന്റെ സ്ഥാനം പിടിച്ചെടുക്കുകയും ഈ വിജയം ഹദ്റത്ത് അബൂബക്കർ(റ)നെ അറിയിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ കാലത്ത് മതപരിത്യാഗികൾക്കെതിരെ ഹദ്റത്ത് ഖാലിദ് ബിൻ സയീദ് നടത്തിയ ഇത്രയും പ്രവർത്തനങ്ങളുടെ പരാമർശമാണ് ചരിത്രത്തിൽ നിന്നും ലഭിക്കുന്നത്.

മതപരിത്യാഗികളായ കലാപക്കാർക്കെതിരെ നടന്ന എട്ടാമത്തെ ഉദ്യമം ഹദ്റത്ത് തുറൈഫ ബിൻ ഹാജിസ്(റ)ന്റേതായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് തുറൈഫ ബിൻ ഹാജിസിനുവേണ്ടി ഒരു പതാക കെട്ടുകയും ബനൂ സുലൈമിനോടും ബനൂ ഹവാസനോടും യുദ്ധം ചെയ്യാൻ ഉത്തരവിടുകയും ചെയ്തു.

ഹദ്റത്ത് അബൂബക്കർ(റ) ഖലീഫയായി നിയമിതനായശേഷം ഹദ്റത്ത് തുറൈഫ ബിൻ ഹാജിസിനെ സുലൈമിന്റെ ഇസ്‌ലാം മതം സ്വീകരിച്ച അറബികളുടെ രക്ഷാധികാരിയായി നിയമിച്ചു. അവർ ആത്മാർഥതയുള്ള പ്രവർത്തകരായിരുന്നു. അദ്ദേഹം ഫലപ്രദമായ പ്രസംഗങ്ങൾ നടത്തി. ബനൂ സുലൈമിലെ നിരവധി അറബികൾ അദ്ദേഹത്തിന്റെ അടുക്കൽ വന്നുകണ്ടു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂബക്കർ(റ)ൽ നിന്ന് നിവേദനം: ബനൂസുലൈമിൽ നിന്നുള്ള ഫുജാഅ് എന്ന വ്യക്തി ഹദ്റത്ത് അബൂബക്കർ(റ)ന്റെ അടുക്കൽ വന്നു പറഞ്ഞു:ഞാനൊരു മുസ്‌ലിമാണ്, മുർത്തദ്ദീങ്ങൾക്കെതിരെ ജിഹാദ് ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എനിക്ക് ഒരു യാത്രാമൃഗം തരികയും എന്നെ സഹായിക്കുകയും ചെയ്യുക. ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തിനു സവാരി നൽകുകയും ആയുധധാരികളായ പത്ത് മുസ്‌ലിംകളെ നൽകുകയും ചെയ്തു. ഫുജാഅ് തന്റെ ഗോത്രത്തിലേക്ക് നീങ്ങി. വഴിയിൽ മതപരിത്യാഗികളായ അറബികളെ ഒപ്പം ചേർത്തു കൊണ്ടിരുന്നു. അവന്റെ സംഘം വളർന്നപ്പോൾ, അവൻ ആദ്യം തന്റെ മുസ്‌ലീം സുഹൃത്തുക്കളെ കൊല്ലുകയും അവരുടെ സ്വത്തുക്കളെല്ലാം കൊള്ളയടിക്കുകയും ചെയ്തു. പിന്നീട് അവൻ മറ്റുള്ളവരേയും കൊള്ളയടിക്കാനും ആക്രമിക്കാനും തുടങ്ങി, ഇക്കാര്യത്തെപറ്റി അബൂബക്കർ(റ)ന് അറിവു ലഭിച്ചപ്പോൾ, ഹദ്റത്ത് തുറൈഫ ഇബ്നു ഹാജിസിന് എഴുതി (ക്കൊണ്ട് പറഞ്ഞു:) ഇപ്പോൾ കൂടെയുള്ള മുസ്‌ലിംകളെയും കൊണ്ടുപോയി അയാളെ വധിക്കുകയോ അല്ലെങ്കിൽ പിടികൂടി എന്റെ അടുത്തേക്ക് അയക്കുകയോ ചെയ്യുക. ഹദ്റത്ത് തുറൈഫ ബിൻ ഹാജിസ് അദ്ദേഹത്തിനെതിരെ നീങ്ങി. ഇരുകൂട്ടരും തമ്മിൽ പോരാടി; ഹദ്റത്ത് തുറൈഫ ഫുജാഇനെ പിടികൂടി ഹദ്റത്ത് അബൂബക്കറിന്റെ സവിധത്തിൽ ഹാജരാക്കി. ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് തുറൈഫയോട് ഇയാളെ ബഖീഇലേക്ക് കൊണ്ടുപോയി തീയിലെറിയാൻ ഉത്തരവിട്ടു. അദ്ദേഹം മുസ്‌ലിംകളോടും അതേ രീതിയിൽ പെരു മാറിയിരുന്നതിനാലാണ് അയാളോട് അങ്ങനെ ചെയ്തത്.

ഒമ്പതാമത്തെ ഉദ്യമം, മുർത്തദ്ദുകളായ കലാപക്കാർക്കെതിരെ ഹദ്റത്ത് അലാഅ് ബിൻ ഹസ്റമിയുടേതായിരുന്നു. ഹദ്റത്ത് അബൂബക്കർ ഹദ്റത്ത് അലാഅ് ബിൻ ഹസ്റമിക്ക് ഒരു പതാക നൽകി ബഹ്റൈനിലേക്ക് പോകാൻ ഉത്തരവിട്ടു. റസൂൽ തിരുമേനി(സ) രാജാക്കന്മാർക്ക് കത്തുകൾ അയച്ചപ്പോൾ, ബഹ്റൈൻ ഭരണാധികാരി മുൻദർ ഇബ്നു സാവക്ക് കത്തുകൾ എത്തിക്കാനുള്ള ചുമതല ഹദ്റത്ത് അലാഅ് ഇബ്നു ഹസ്റമിയെ ഏൽപ്പിച്ചു. അതിനുശേഷം റസൂൽ(സ) അദ്ദേഹത്തെ ബഹ്റൈനിന്റെ അമീറായി നിയമിച്ചു. റസൂൽ തിരുമേനി(സ)യുടെ മരണം വരെയും പിന്നീട് ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്ത് കാലത്തും ഹദ്റത്ത് അലാഅ് ബഹ്റൈന്റെ അമീറായി തുടർന്നു.

കിസ്റാ രാജാക്കന്മാരുടെ കീഴിലായിരുന്ന ഹീറ രാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്നു ബഹ്റൈൻ. ബഹ്റൈനിലെ തീരദേശ നഗരങ്ങളിലും വാണിജ്യ നഗരങ്ങളിലും സമ്മിശ്ര ജനവിഭാഗങ്ങളുണ്ടായിരുന്നു. ബഹ്റൈനിലെ ഹജർ മേഖലയിലുള്ള പേർഷ്യക്കാരും ക്രിസ്ത്യാനികളും ജൂതന്മാരും വളരെ മനസ്സില്ലാ മനസ്സോടെ ജിസ്യ നൽകാൻ സമ്മതിച്ചിരുന്നു. ബഹ്റൈനിലെ മറ്റ് സ്ഥലങ്ങളും നഗരങ്ങളും അമുസ്‌ലിംകളായി തുടർന്നു. ഈ ആളുകൾ അവസരം ലഭിക്കുമ്പോഴെല്ലാം ഇടക്കിടക്ക് കലാപം നടത്തിക്കൊണ്ടിരുന്നു. നബി(സ)ന്റെ മരണശേഷം അബ്ദുൾ ഖൈസ് ഗോത്രം ഉറച്ചുനിന്നു; മതപരിത്യാഗത്തിന്റെ പകർച്ചവ്യാധി അവരിലെത്തിയില്ല. ബാക്കിയുള്ള അറബികളും അനറബികളും മദീനയെ അട്ടിമറിക്കാൻ കഠിനമായി പരിശ്രമിച്ചു. ഇറാനിയൻ ഗവൺമെന്റ് അവരെ (ഇതിനായി) പ്രോത്സാഹിപ്പിക്കുകയും കലാപത്തിന്റെ കമാൻഡറായി ഒരു മുതിർന്ന അറബ് നേതാവായ മുൻദിർ ബിൻ നുഅ്മാനെ ഏൽപ്പിക്കുകയും ചെയ്തു. കിസ്റാ മുന്ദിർ ഇബ്ൻ നുഅ്മാനെ ആദരിക്കുകയും കിരീടം അണിയിക്കുകയും നൂറ് കുതിരപ്പടയാളികളെയും ഏഴായിരം കാലാൾപ്പടയെയും കുതിരപ്പടയെയും അണിനിരത്തി.

അവരോട് ബക്കർ ഇബ്നു വാഇലിന്റെ ഗോത്രത്തോടൊപ്പം ബഹ്റൈനിലേക്ക് പോകാൻ കിസ്റാ ആജ്ഞാപിക്കുകയും ചെയ്തു. ആദ്യം അവർ അബ്ദുൾ ഖൈസ് ഗോത്രത്തെ ഇസ്‌ലാമിൽനിന്ന് അകറ്റാൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. അതിനാൽ ശക്തികൊണ്ട് അവരെ കീഴ്പ്പെടുത്താൻ ആഗ്രഹിച്ചു. അബ്ദുൽഖൈസ് ഗോത്രത്തിലെ ആളുകൾ അവരുടെ തലവൻ ഹദ്റത്ത് ജറൂത്ത് ഇബ്നു മഅലിയുടെ നേതൃത്വത്തിൽ നാലായിരത്തോളം പേർ അവരുടെ സഖ്യകക്ഷികളുടെയും അടിമകളുടേയും കൂടെ ഒരുമിച്ചുകൂടി. ബക്ർ ഇബ്നു വാഇലിന്റെ ഗോത്രം അവരുടെ ഒമ്പതിനായിരം ഇറാനികളും മൂവായിരം അറബികളുമായും അവരുടെ അടുത്തെത്തി. തുടർന്ന് ഇരുവിഭാഗങ്ങളും തമ്മിൽ കടുത്തയുദ്ധം നടക്കുകയും ബക്ർ ബിൻ വാഇൽ ഗോത്രത്തിന് കനത്ത നഷ്ടം സംഭവിക്കുകയും ചെയ്തു. തുടർന്ന് അവർ രണ്ടാം തവണയും ശക്തമായി പോരാടി. ഇത്തവണ കനത്ത നഷ്ടം അബ്ദുൾ ഖൈസിനുണ്ടായി. അതുപോലെ അവർ പരസ്പരം പ്രതികാരം തുടർന്നു; നിരവധി ആളുകൾ കൊല്ലപ്പെടുന്നതുവരെ അവർ തമ്മിലുള്ള യുദ്ധം ദിവസങ്ങളോളം തുടർന്നു. അബ്ദുൽ ഖൈസ് ഗോത്രത്തിലെ ആളുകൾ ബക്ർ ബിൻ വാഇലിനോട് സമാധാനം ആവശ്യപ്പെട്ടു. ബക്ർ ഇബ്നു വാഇലിനെതിരെ തനിക്ക് ഇനി ശക്തിയില്ലെന്ന് അബ്ദുൾ ഖൈസ് മനസ്സിലാക്കി. അതിനാൽ ഹജർ ദേശത്തെ ജവാസ എന്ന തന്റെ കോട്ടയിൽ ഉപരോധിക്കപ്പെടുന്ന തരത്തിൽ അദ്ദേഹം പരാജയപ്പെട്ടു. ബനൂബക്കർ ഇബ്നു വാഇൽ തന്റെ ഇറാനിയൻ ജനതയുമായി മുന്നേറുകയും അവരുടെ കോട്ടയിലെത്തി അവരെ ഉപരോധിക്കുകയും അവർക്ക് ഭക്ഷണം നൽകാതിരിക്കുകയും ചെയ്തു.

അബ്ദുൽ ഖൈസിന്റെ അവസ്ഥ അറിഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) വളരെ ദുഃഖിതനായി. അദ്ദേഹം അലാഅ് ഇബ്നു ഹസർമിയെ വിളിച്ചു വരുത്തി സൈന്യത്തെ അദ്ദേഹത്തെ ഏൽപ്പിക്കുകയും അബ്ദുൽ ഖൈസിനെ സഹായിക്കാൻ രണ്ടായിരം മുഹാജിറുകളോടും അൻസാറുകളോടും കൂടി ബഹ്റൈനിലേക്ക് പോകാൻ കൽപ്പിക്കുകയും ചെയ്തു. നിങ്ങൾ കടന്നുപോകുന്ന അറബ് ഗോത്രങ്ങളിൽ എല്ലാം ബനൂബക്കർ ഇബ്നു വാഇലിനോട് യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കാൻ നിർദേശിക്കുകയുണ്ടായി. അവൻ അതായത്, ഈ രാജാവ് തലയിൽ ഒരു കിരീടം വയ്ക്കുകയും അല്ലാഹുവിന്റെ പ്രകാശം കെടുത്താൻ ഉദ്ദേശിക്കുകയും അല്ലാഹുവിന്റെ വിശുദ്ധരെ വധിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ നിങ്ങൾ *ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്* പാരായണം ചെയ്തുകൊണ്ട് പോകുക. ഹദ്റത്ത് അബൂബക്കർ(റ)ന്റെ കൽപ്പനയനുസരിച്ച് ഹദ്റത്ത് അലാഅ് ബിൻ ഹസ്റമി യാത്രയായി. ബാക്കി ഭാഗം ഇൻശാ അല്ലാഹ് തുടർന്ന് വിവരിക്കുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 24.06.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**